## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5637 02.07.2019 -ലെ മറുപടിക്ക്**

## <u>അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ പുതുതായി കോളനികൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>ഉണ്ട്. 2019-20 സാമ്പത്തിക വർഷം 30-തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. അതനുസരിച്ച് നടപ്പുവർഷം മലപ്പുറം ജില്ലയിൽ നിന്നും ടി പദ്ധതി പ്രകാരം അനുയോജ്യമായ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>2019-20 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കം നിൽക്കുന്ന കോളനികൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കോളനികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിലമ്പൂർ ഐ.ടി.ഡി പ്രോജക്ടാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ ഫീസിബിലിറ്റി ഉള്ള എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ട് എന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; | (ബി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ ഫീസിബിൾ ആയ 20 പട്ടികജാതി കോളനികളും, 3 പട്ടികവർഗ്ഗ കോളനികളുമാണ് ഉള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ കോളനികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ **ഏറാഞ്ചേരി കോളനിയിൽ** റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും, മറ്റ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. കൂടാതെ **ആമയൂർ ചക്കിങ്ങൽ കണ്ടി കോളനിയിൽ** കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട കിണറിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മറ്റ് പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മഞ്ചേരി നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം/സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഫീസിബിൾ ആയ പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ

**പട്ടികജാതി വികസന വകുപ്പ്**

| ക്രമ നം | കോളനിയുടെ പേര് | പഞ്ചായത്ത്/മുനിസിപ്പാലിറ്റി |
|---|---|---|
| 1 | കാരപ്പാടം കുണ്ടുമഠം കോളനി | പാണ്ടിക്കാട് |
| 2 | ആനക്കോട് കോളനി | പാണ്ടിക്കാട് |
| 3 | അമ്പലക്കുന്ന് കോളനി | തൃക്കലങ്ങോട് |
| 4 | ഏറ്റത്ത് കോളനി | തൃക്കലങ്ങോട് |
| 5 | എക്കപ്പാറ ചിലമ്പിൽ കോളനി | തൃക്കലങ്ങോട് |
| 6 | ആല്ലുംകുണ്ട് കോളനി | തൃക്കലങ്ങോട് |
| 7 | പാതിരിക്കോട് പൂളമണ്ണ കോളനി | തൃക്കലങ്ങോട് |
| 8 | തേക്കിൻകാട് കോളനി | തൃക്കലങ്ങോട് |
| 9 | ആമയൂർ ചക്കിങ്ങൽകണ്ടി അംബേദ്കർ കോളനി | തൃക്കലങ്ങോട് |
| 10 | നെച്ചിക്കുണ്ട് കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 11 | പക്കാരത്ത് കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 12 | ചിറക്കൽ കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 13 | വലിയാട്ടിപറമ്പ് കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 14 | കോവിലകം കുണ്ട് കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 15 | കിഴക്കേകുന്ന് കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 16 | ആര്യം പാടം കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 17 | ചെരണി കോളനി | മഞ്ചേരി മുനിസിപ്പാലിറ്റി |
| 18 | പേഴുംതറ പട്ടികജാതി കോളനി | എടപ്പറ്റ |
| 19 | കോക്കാട് പട്ടികജാതി കോളനി | കീഴാറ്റൂർ |
| 20 | കല്ലുവെട്ടുകുഴി പട്ടികജാതി കോളനി | കീഴാറ്റൂർ |

**പട്ടികവർഗ്ഗ വികസന വകുപ്പ്**

| ക്രമ നം | കോളനിയുടെ പേര് | പഞ്ചായത്ത്/മുനിസിപ്പാലിറ്റി |
|---|---|---|
| 1 | നെടിയംകോട് | തൃക്കലംങ്ങോട് |
| 2 | പാലിത്തോട്ടം | തൃക്കലംങ്ങോട് |
| 3 | ആലക്കാപറമ്പ് | മഞ്ചേരി മുൻസിപ്പാലിറ്റി |

സെക്ഷൻ ഓഫീസർ